**ചരമോപചാരം**

ഡോ. എ. വി. ഐസകിന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: മുൻ നിയമസഭാംഗം ഡോ. എ. വി. ഐസക്, 2018 മേയ് 27-ാം തീയതി നിര്യാതനായി. കോലഞ്ചേരി എള്ളൂർ-കൊഴുമുറ്റത്തിൽ എ. വി. ഐസക്, വർക്കിയുടെ മകനായി 1924 ജൂൺ 25-ന് ജനിച്ചു.

യു. സി. കോളേജ് ആലുവ, മദ്രാസ് ക്രിസ്ത്യൻ കോളേജ്, കസ്തൂർബ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയശേഷം അദ്ദേഹം അറക്കുളം, പിറവം, കൂത്താട്ടുകുളം, എറണാകുളം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സർക്കാർ സർവ്വീസിലും മൂവാറ്റുപുഴയിലെ ഒരു സ്വകാര്യ ആശുപത്രിയിലും ദീർഘകാലം ഡോക്ടറായി സേവനമനുഷ്ഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം കുന്നത്തുനാട് മണ്ഡലം പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന്, 1987-ൽ സി.പി.ഐ. പിന്തുണയുള്ള സ്വതന്ത്രനായി മൂവാറ്റുപുഴ മണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

മൂവാറ്റുപുഴ റോട്ടറി ക്ലബ് പ്രസിഡന്റ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഭാരവാഹി, വെല്ലൂർ മെഡിക്കൽ കോളേജ്, കോലഞ്ചേരി

എം.ഒ.എസ്.സി. മെഡിക്കൽ കോളേജ്, സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിലെ ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിൽ ഡോ. എ. വി. ഐസക് പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. എ. വി. ഐസക്കിന്റെ നിര്യാണത്തോടെ കർമ്മോത്സുകനായ ഒരു ഭിഷഗ്വരനെയും ഒരു മികച്ച പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)